# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 3**

---

## അധ്യാപകന്റെ പുസ്തകം വിദ്യാർഥികൾ പ്രകാശനം ചെയ്യും

*അധ്യാപകൻ എഴുതിയ പുസ്തകം വിദ്യാർഥികൾ പ്രകാശനം ചെയ്യും. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിലാണ് നാളെ (ഫെബ്രുവരി അഞ്ച്) വേറിട്ട പ്രകാശനച്ചടങ്ങ് നടക്കുക.*

*സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനായ അജു കെ. നാരായണന്റെ ലേഖനങ്ങളുടെയും കുറിപ്പുകളുടെയും അഭിമുഖങ്ങളുടെയും സമാഹാരമായ അർഥ താരാവലി എന്ന പുസ്തകം വകുപ്പിലെ ഗവേഷക വിദ്യാർഥി കൃപ ജോണാണ് പ്രകാശനം ചെയ്യുക.*

*കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ ആദ്യ കോപ്പി എം.എ വിദ്യാർഥി ബിബിൻ ബേബി ഏറ്റുവാങ്ങും. ഗവേഷകനായ ജോൺ ജെയിംസ് പുസ്തകം പരിചയപ്പെടുത്തും. തുടർന്ന് പുസ്തകത്തെക്കുറിച്ചു നടക്കുന്ന ചർച്ചയിൽ വിദ്യാർഥികളായ എബിൻ ദേവസ്യ, ഹൃദ്യ ഗോപാൽ, അനുപമ കൃഷ്ണ, എസ്.കെ. അർജുൻ എന്നിവർ സംസാരിക്കും.*

*രാവിലെ 10.30ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. സജി മാത്യു, അജു. കെ. നാരായണൻ, പി. മനേഷ് തുടങ്ങിവർ സംസാരിക്കും.*

*(പി.ആർ.ഒ/39/1278/2025)*

## അസിസ്റ്റന്റ് പ്രഫസർ; വാക്ക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ മൂന്നു പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 11ന് നടക്കും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സൈക്കോളജിയിലും (മുസ്ലിം) സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ സ്റ്റാറ്റിസ്റ്റിക്സിനും (ഇഡബ്ല്യൂഎസ്) ഓരോ ഒഴിവുകളാണുള്ളത്.*

സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ സ്റ്റാറ്റിസ്റ്റിക്സിന് ഓപ്പൺ ,എൽ.സി/എഐ വിഭാഗങ്ങളിൽ ഓരോ ഒഴിവുകളുണ്ട്.

യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതകളുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രതിമാസ വേതനം 40000 രൂപ. സ്കുൾ ഓഫ് ബിഹേവിയറൽ സയൻസസിൻറെ അഭിമുഖം രാവിലെ 11നും മറ്റു രണ്ടു വകുപ്പുകളുടേത് 12നും വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1279/2025)

## പരീക്ഷാ ഫലം

ആറാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്സി (2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെന്റും മെഴ്സി ചാൻസും സെപ്റ്റംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 15 വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................

അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബികോം (മോഡൽ 1, 2, 3 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ അദ്യ മെഴ്സി ചാൻസ്) ബികോം ഫിനാൻഷ്യൽ മാർക്കറ്റ്സ് (2020 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

.................

അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2021 അഡ്മിഷൻ റഗുലർ, 2016 മുതൽ 2020 വരെ അ്ഡമിഷനുകൾ റീഅപ്പിയറൻസ് മാർച്ച് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1280/2025)

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ എംഎസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയനെറ്റിക്സ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അ്ഡമിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് നാലിന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*......................*

*ഒന്നാം സെമസ്റ്റർ എംഎസ്സി അപ്ലൈഡ് ഇലക്ട്രോണിക്സ് (സിഎസ്എസ്-2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അ്ഡമിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി അഞ്ചിന് ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*......................*

*മൂന്നാം സെമസ്റ്റർ ഐഎംസിഎ (2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ഏഴിന് ആലുവ എസ്.എസി.എം.എസ് സ്കൂൾ ഓഫ് ടെക്നോളജി ആന്റ് മാനേജ്മെന്റിൽ നടക്കും.ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1281/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ